# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2133 — 10.10.2011 - ൽ മറുപടിക്ക്

## സാർക്ക് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പെരുവള്ളൂർ, തേഞ്ഞിപ്പലം, ചേലേമ്പ്ര, മൂന്നിയൂർ വില്ലേജുകൾക്കായി പ്രയോജനപ്പെടുത്തുവാൻ തയ്യാറാക്കിയ സാർക്ക് കുടിവെള്ള പദ്ധതി കേടുപാടുകൾ തീർത്ത് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യേണ്ടുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഭീമമായ തുക മുടക്കി സ്ഥാപിച്ച വാട്ടർ ടാങ്കുകളും പൈപ്പ് ലൈനുകളും വെറുതെ കിടന്ന് നശിച്ച് പോകുന്നതായി അറിയാമോ; | (ബി) യും (സി) യും | നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നും പൈപ്പ് ലൈൻ ഇടുന്നതിന് അനുമതി ലഭിക്കാത്തതു കൊണ്ടാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തത്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) നാലു വില്ലേജുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സഹായകരമായ ഈ പദ്ധതി ഉടനെ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ